# വി. ഡി. യു. പി. എസ്
# പാലിയംതുരുത്ത്

## 2025 - 2026

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ

6. നിലവിലെ അവസ്ഥാ വിശകലനം

7. വിഷൻ 2026

8. പദ്ധതി പ്രവർത്തനങ്ങൾ

9. നേട്ടങ്ങൾ

10. മോണിറ്ററിങ്ങ് രീതി

11. ഉപസംഹാരം

**അനുബന്ധം**

- കുട്ടികളുടെ എണ്ണം – മുൻവർഷങ്ങളിൽ
- നിലവിലുള്ള കമ്മിറ്റികൾ

# ആമുഖം

തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ കൊടുങ്ങല്ലൂർ ഉപജില്ലാപരിധിയിൽ ഉൾപ്പെടുന്നതാണ് പാലിയംതുരുത്ത് വി.ഡി.യു.പി. സ്കൂൾ. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ 22–ാം വാർഡിൽ ആനാപ്പുഴ മെയിൻ റോഡിൽ നിന്ന് 600 മീറ്റർ അകലെ പാലിയംതുരുത്തിലാണ് ഈ വിദ്യാഭ്യാസ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. 1964ൽ സ്ഥാപിതമായ ഈ വിദ്യാലയം വിദ്യാർത്ഥദായിനി സഭയുടെ മാനേജ്മെന്റിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്കൂളിൽ പത്ത് ക്ലാസ്സ് മുറികളും, ഒരു ഓഫീസ് മുറിയും, ഒരു സ്റ്റാഫ് റൂമും, ഒരു കമ്പ്യൂട്ടർ ലാബും, എട്ട് ടോയ്‌ലറ്റുകളും, അഞ്ച് യൂറിനലുകളും, ഒരു അടുക്കളയും അടങ്ങുന്ന ഭൗതിക സൗകര്യങ്ങളാണ് നിലവിലുള്ളത്.

5–ാം ക്ലാസ്സ് മുതൽ 7–ാം ക്ലാസ്സ് വരെ 173 കുട്ടികൾ ഇവിടെ പഠിച്ചു വരുന്നു. പി.ടി.എ., എം.പി.ടി.എ., എസ്.എസ്.ജി, എസ്.ആർ.ജി. തുടങ്ങി വിവിധ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കൊണ്ട് സ്കൂൾ മികവിന്റെ വഴിയിൽ സഞ്ചരിക്കുന്നു.

സ്കൂളിന്റെ സമഗ്രവികസനം ലക്ഷ്യം വെച്ച് 'വിഷൻ 2026' എന്ന വികസന പദ്ധതിക്ക് സമിതികൾ രൂപം നൽകിയിട്ടുണ്ട്. വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുകയാണ് 'വിഷൻ 2026' കൊണ്ട് ലക്ഷ്യമാക്കുന്നത്. അക്കാദമികവും ഭൗതികവുമായ നിരവധി വികസന രൂപരേഖകളാണ് 'വിഷൻ 2026'ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയെക്കുറിച്ചുള്ള വിശദമായ രൂപരേഖ വരുംതാളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ബാബു പി.എസ്.
പി.ടി.എ. പ്രസിഡണ്ട്

ഷീന ഒ.എസ്.
ഹെഡ്മിസ്ട്രസ്സ്

അഡ്വ. വി.എസ്. ദിനൽ
എസ്.എസ്.ജി. ചെയർമാൻ

## ലക്ഷ്യങ്ങൾ

1. സ്കൂൾ തലത്തിൽ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുക.
2. 5 മുതൽ 7 വരെ ഓരോ ക്ലാസ്സിലും കുട്ടി ദേശീയ നിലവാരമുള്ള ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
3. സ്കൂൾ ക്യാമ്പസ് ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റൽ
4. വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്ക്കരിക്കുക.
5. കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുക.
6. ഓരോ വിദ്യാർത്ഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ ശ്രമങ്ങൾ നടത്തുക.
7. വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.
8. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുക.
9. ലഹരി വിരുദ്ധ മനോഭാവം വളർത്തുക.
10. കാർഷിക സംസ്ക്കാരം വളർത്തുക.
11. ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുക.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ മദ്ധ്യ ദശകങ്ങളിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിന്നിരുന്ന ഒരു ജനവിഭാഗത്തിന് വിദ്യാഭ്യാസ ത്തിലും അടിസ്ഥാന സൗകര്യങ്ങളിലും വികസനം ഉണ്ടാക്കുന്നതിന് പാലിയം തുരുത്ത് ആനാപ്പുഴ ഭാഗങ്ങളിലെ സുമനസ്സുകളായവർ ചേർന്ന് വിദ്യാർത്ഥദാ യിനി സഭ രൂപീകരിച്ചു. വിദ്യാഭ്യാസരംഗത്തെ ഉന്നമനത്തിന് പാലിയംതുരു ത്തിൽ ഒരു അപ്പർ പ്രൈമറി സ്കൂളിന് സഭ അനുവാദം നേടിയെടുത്തു. സ്കൂളിന്റെ ഉദ്ഘാടനം 1964 ജൂൺ 1–ാം തീയ്യതി അന്നത്തെ വിദ്യാഭ്യാസ ഉപ ജില്ലാ ഓഫീസർ കെ.കെ ബാഹുലേയൻ നിർവ്വഹിച്ചു. സ്കൂൾ 1965 മെയ് 20ന് ഇന്നുളള കെട്ടിടത്തിലേക്ക് മാറി പ്രവർത്തനം തുടങ്ങി.

സ്കൂളിന്റെ മുൻകാല മാനേജർമാർ പരേതരായ ടി.എ. ചന്ദ്രൻ, ടി.എസ്. പരമു, എം.എസ്. രാജകുമാരൻ, കെ.കെ. രാജൻ, കെ.എൻ. മൃത്യുഞ്ജയൻ, വി.വി. കാർത്തികേയൻ എന്നിവരും സർവ്വശ്രീ വി.കെ. അശോകൻ, എം.ജി. പുഷ്പാകരൻ, എ.കെ. പത്മജൻ, ഒ.എ. സുകുമാരൻ എന്നിവരും ആയിരുന്നു. ഇപ്പോഴത്തെ സ്കൂൾ മാനേജർ ശ്രീ. കെ.കെ. ജയപ്രകാശ് ആകുന്നു.

1969ലാണ് ഈ വിദ്യാലയത്തിൽ അദ്ധ്യാപക രക്ഷാകർത്തൃ സംഘടന രൂപീകൃതമായത്. ഇതിന്റെ രൂപീകരണത്തിനും പ്രവർത്തന വിജയങ്ങൾക്കും ശ്രേഷ്ഠമായ സഹായങ്ങൾ നൽകിയത് ആദ്യത്തെ പ്രസിഡണ്ട് ആയ സേവ്യർ ജി. ക്രോസൗസ് ആണ്. സർവ്വശ്രീ എം.എ. ഭാസ്ക്കരൻ, പി.കെ. കൃഷ്ണൻ മാസ്റ്റർ, പി.കെ. സിദ്ധാർത്ഥൻ, പി.എൻ. ചന്ദ്രൻ, പീതാംബരൻ, ജോസഫ് പുല്ല യിൽ, വി.കെ. ജോഷി, എൻ.എ. ഹരി, കെ.കെ. ബിജു, ശാലിനി അജയൻ, ഇ.എ. ഉണ്ണികൃഷ്ണൻ, കെ.എച്ച്. കലേഷ് ബാബു, സെന്തിൽകുമാർ എന്നിവർ സംഘടനയുടെ ആദ്യകാല പ്രസിഡണ്ടുമാരാണ്.

പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ആദ്യകാല പ്രസിഡണ്ട് ശ്രീ. ഇ.കെ. പ്രസ്റ്റൻ ആയിരുന്നു. സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളിൽ ഉന്നതനിലയിൽ

എത്തിയ നിരവധി പേരുണ്ട്. ഡോ. മനു പി. വിശ്വം, പരേതനായ മുൻ ഡി.വൈ.എസ്.പി. സേവ്യർ, തഹസിൽദാർ ശ്രീരഞ്ജിനി, മുൻ എ.ഇ.ഒ. ശാംഭവി വി.പി. എന്നിവർ അതിൽ എടുത്തു പറയത്തക്കവരാണ്.

ഈ സ്കൂളിന്റെ ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ഇ.എ. സുബ്രഹ്മണ്യൻ മാസ്റ്റർ ആയിരുന്നു. മുൻകാലങ്ങളിൽ പ്രധാനാദ്ധ്യാപകനായി ശ്രീ. പി.കെ. മുരളീധരൻ മാസ്റ്ററും, യു.പി.എസ്.എ. തസ്തികയിൽ പരേതയായ പുഷ്പാവതി ടീച്ചർ, പി.കെ. ധർമ്മരാജൻ മാസ്റ്റർ, കെ.ജി. രമണി ടീച്ചർ, പി.വി. കുട്ടികൃഷ്ണൻ മാസ്റ്റർ, പി.കെ. പരമേശ്വരൻ മാസ്റ്റർ തുടങ്ങിയവരും, ഹിന്ദി വിഭാഗത്തിൽ ശ്രീമതി സുമംഗള ടീച്ചറും, ശ്രീമതി ഷീയ ടീച്ചറും സംസ്കൃത വിഭാഗത്തിൽ ശ്രീമതി അംബിക ടീച്ചറും, പി.ടി. ടീച്ചറായി പരേതയായ രമാദേവി ടീച്ചറും, പ്യൂൺ തസ്തികയിൽ പരേതരായ കെ.കെ. സുബ്രഹ്മണ്യൻ, വി.എസ്. പ്രകാശൻ, എം.കെ. ജയ എന്നിവരും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സ്കൂളിന്റെ ഇപ്പോഴത്തെ സാരഥികൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഒ.എസ്. ഷീന ടീച്ചർ, യു.പി.എസ്.എ. തസ്തികയിൽ ശ്രീമതി ഗീതാവർഗ്ഗീസ് ടീച്ചർ, ശ്രീമതി എം.ഡി. ഷീജ ടീച്ചർ, ശ്രീമതി നീതു ടീച്ചർ, ശ്രീമതി ചിത്തിര ടീച്ചർ, ശ്രീമതി ദേവി ടീച്ചർ എന്നിവരും ഹിന്ദി ടീച്ചറായി ശ്രീമതി നിത്യമോൾ ടീച്ചർ, സംസ്കൃത വിഭാഗത്തിൽ ശ്രീ. ലക്ഷ്മീനാരായണൻ മാസ്റ്റർ, പ്യൂൺ തസ്തികയിൽ ശ്രീ. കെ.വി. അനന്തപത്മനാഭൻ, ഹരിത ഒ.എസ്., യു.പി.എസ്.എ, അറബിക് ടീച്ചറായി കെ.എ. മിസിരിയ ടീച്ചർ, പ്രീന കെ.പി. HTV എന്നിവർ ആണ്.

ഈ സ്കൂളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ നിരവധി മത്സരങ്ങളിൽ പങ്കെടുത്ത് വിജയം കൊയ്തിട്ടുണ്ട്. കയ്യെഴുത്ത് മാസികകൾക്കായി ശാസ്ത്ര സാഹിത്യ പരിഷത്ത് അഖിലകേരളാടിസ്ഥാനത്തിൽ സംഘടിപ്പിച്ച മത്സരത്തിൽ സ്കൂൾ കയ്യെഴുത്ത് മാസികയായ 'ശാസ്ത്രരശ്മി' രണ്ട് ഒന്നാം സ്ഥാനങ്ങൾ നേടുകയുണ്ടായി. 1979–80 അധ്യയനവർഷത്തിൽ യുറീക്കാ വിഞ്ജാന പരീക്ഷയിൽ ഡോ. മനു. പി. വിശ്വം ഉന്നതവിജയം നേടിയിട്ടുണ്ട്. ജോസ് എം. എഫ്, സന്ദീപ് കെ.എസ്., പി.കെ. ഫഹദ്, അനന്തൻ ഒ.കെ., അർജുൻ വി.എസ്. എന്നിവർക്ക് യു.എസ്.എസ്. സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. എസ്.എസ്.എയുടെ

ഭാഗമായി നടത്തിയ ചലച്ചിത്രാവിഷ്ക്കരണത്തിൽ പശ്ചാത്തല സംഗീതത്തിനുള്ള സംസ്ഥാന അവാർഡ് പൂർവ്വവിദ്യാർത്ഥിയായ ഷാരൂൺ സി.എസ്സിന് ലഭിച്ചു. 2016 – 17 വർഷത്തിൽ സംസ്കൃതം നാടക മത്സരത്തിൽ ഉപജില്ലാതലത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ എ ഗ്രേഡും കരസ്ഥമാക്കി. സ്കൂൾ വിദ്യാർത്ഥിനി നിഖിലയെ നായികയാക്കി ടെലിഫിലിം നിർമ്മിച്ചു. ന്യൂമാത്സ് ഗണിത ശാസ്ത്ര പരീക്ഷയിൽ ശങ്കർരാജ് പി.ബി. സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കായിക മത്സരങ്ങളിലും സ്കൂളിലെ വിദ്യാർത്ഥികൾ പ്രശംസാവഹമായ പ്രകടനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്.

സ്കൂളിന്റെ സുവർണ്ണജൂബിലി 2013 – 14 വർഷങ്ങളിൽ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. സുവർണ്ണ ജൂബിലി വർഷത്തിൽ 101 അംഗങ്ങൾ അടങ്ങിയ സംഘാടക സമിതി രൂപീകരിച്ച് ലോഗോ പ്രകാശനം, അമൃത ഹോസ്പിറ്റലിന്റെയും ജെ.സി. ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ ദന്ത നേത്ര ചികിത്സാ ക്യാമ്പ്, സൗഹൃദ സായാഹ്നം, പൂർവ്വ വിദ്യാർത്ഥി സമ്മേളനം, ഉപജില്ലാതല ദ്വിദിന സംസ്കൃത പഠനസരണി എന്നീ പരിപാടികൾ അനുബന്ധമായി നടന്നു. 2013 ഡിസംബർ 28 – 29 തിയ്യതികളിൽ ജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം ബഹു. എം.പി. കെ.പി. ധനപാലൻ നിർവ്വഹിച്ചു. തുടർന്ന് 2014 മാർച്ചിൽ സുവർണ്ണ ജൂബിലിയുടെ സ്മാരകമായി ഒരു കമ്പ്യൂട്ടർ ലാബ് സജ്ജമാക്കി സ്കൂളിന് സമർപ്പിച്ചു. ആ വേളയിൽ ഗുരുവന്ദനം, പൂർവ്വവിദ്യാർത്ഥി സംഗമം, സ്നേഹ വിരുന്ന്, സമാപന സമ്മേളനം, കലാപരിപാടികൾ എന്നിവ നടത്തി. ഇതിനോടനുബന്ധിച്ച് ഒരു സ്മരണികയും പ്രകാശനം ചെയ്തു.

ഗവൺമെന്റിന്റെയും, സഭാ മാനേജ്മെന്റിന്റെയും, പി.ടി.എ.യുടെയും സാമ്പത്തിക സഹായത്തോടെ സ്കൂളിന്റെ അടുക്കള നവീകരിച്ചു. സുനാമി പുനരധിവാസ പദ്ധതി പ്രകാരം വിദ്യാലയത്തിന് അനുവദിച്ച 4 ടോയ്ലറ്റ്, സഭാ മാനേജ്മെന്റിന്റെയും, പി.ടി.എ.യുടെയും സഹകരണത്തോടെ മനോഹരമായി നിർമ്മിച്ചു. ഉച്ചഭക്ഷണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ലയൺസ് ക്ലബ്ബ് വഴി ഷിയ ടീച്ചർ പാത്രങ്ങൾ സംഭാവന ചെയ്യുകയുണ്ടായി.

വാർഷിക പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്നവർക്ക് സഭയിൽ നിന്ന് നൽകി വരുന്ന വി.എസ്. കൃഷ്ണനാശാൻ, പൊയ്യത്തറ കൃഷ്ണൻ, പി.എം. ആണ്ടവൻ സ്മാരക സ്കോളർഷിപ്പുകളും, ഏഴാം ക്ലാസ്സിൽ ജനറൽ സയൻസിൽ കൂടുതൽ മാർക്ക് നേടുന്നവർക്ക് കുര്യൻസ് ടെലൂറിയൻ പ്രൈസും ഏർപ്പെടുത്തിയിട്ടുണ്ട്.

2022 മെയ് 1ന് സ്കൂളിന്റെ പുതിയ ബിൽഡിങ്ങിന്റെ ഉദ്ഘാടനം ബഹു. വ്യവസായ വകുപ്പ് മന്ത്രീ ശ്രീ. കെ.കെ. രാജീവ് ഓൺലൈനായി നിർവ്വഹിച്ചു. തുടർന്ന് സ്മാർട്ട് ക്ലാസ്സ്റൂമുകളുടെ ഉദ്ഘാടനം ശ്രീ. വി.ആർ സുനിൽകുമാർ എം.എൽ.എ., ശ്രീ. ബെന്നി ബെഹന്നാൻ എം.പി. എന്നിവർ സംയുക്തമായി നിർവ്വഹിച്ചു. സ്കൂളിന് പുതിയ ഒരു സ്കൂൾ ബസ് കൂടി സ്വന്തമായി.

# വിദ്യാലയം മികവിന്റെ കേന്ദ്രം

***ഒരു വിദ്യാലയം:***

1. മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമാകുന്നു.
2. മുഴുവൻ കുട്ടികൾക്കും അവരുടെ കഴിവിന്റെ ഏറ്റവും ഉയർന്ന തലങ്ങളിലേക്ക് എത്താൻ അവസരമൊരുക്കുന്നു.
3. സമൂഹത്തെ വ്യക്തതയോടെ നോക്കി കാണുവാൻ പഠിപ്പിക്കുന്നു.
4. സങ്കുചിത മനോഭാവമില്ലാതെ സമൂഹവുമായുള്ള ഇടപഴകൽ സാദ്ധ്യമാക്കുന്നു.
5. മാതാപിതാക്കളോടും ഗുരുക്കന്മാരോടും ബഹുമാനമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്നു.
6. പ്രകൃതിയെ സ്നേഹിക്കുവാൻ പഠിപ്പിക്കുന്നു.
7. രാസവസ്തുക്കളുടെ അമിതമായ ഉപഭോഗം പ്രകൃതിയിലുണ്ടാക്കുന്ന ദോഷങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു.
8. സ്വയം പര്യാപ്തമായ, ചൂഷണരഹിതമായ ഒരു രാഷ്ട്രത്തെക്കുറിച്ചുള്ള ബോധം കുട്ടികളിൽ സൃഷ്ടിക്കുന്നു.
9. സ്വന്തം ശരീരം, വീട്, ചുറ്റുപാട് ഇവ ശുചിത്വത്തോടുകൂടി പരിപാലിക്കുവാൻ പഠിപ്പിക്കുന്നു.
10. പൗരന്റെ കടമകളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുന്നു.
11. കുട്ടികൾക്ക് തുറന്ന വായനക്കുള്ള അവസരമൊരുക്കുന്നു.
12. ഇലക്ട്രോണിക്സിന്റെ സാദ്ധ്യതകൾ സ്വയം പ്രയോഗിച്ചറിയുവാൻ അവസരം നൽകുന്നു.
13. കുട്ടികളിൽ ശാസ്ത്രാഭിരുചി സ്വന്തം പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പ്രകടിപ്പിക്കുവാൻ കഴിയുന്നു.
14. കാർഷിക സംസ്ക്കാരത്തെക്കുറിച്ചറിയുന്ന പുതുതലമുറയെ ഉണ്ടാക്കിയെടുക്കുന്നു.
15. ക്യാമ്പസ്സ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കുവാൻ ഉതകുന്ന എല്ലാ പ്രവർത്തനവും ഉറപ്പാക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന നല്ല ലക്ഷ്യത്തിൽ ചേർന്നു പ്രവർത്തിക്കാൻ സന്നദ്ധതയുള്ള എല്ലാവരെയും കണ്ണി ചേർത്തു കൊണ്ട് വിദ്യാലയ വികസന സമിതി രൂപീകരിച്ചു.

നിലവിലുള്ള പി.ടി.എ., എം.പി.ടി.എ., എസ്.എസ്.ജി., പൂർവ്വ വിദ്യാർത്ഥി സംഘടന തുടങ്ങിയ സമിതികൾക്കൊപ്പം സ്കൂൾ പരിധിയിലുള്ള ജനപ്രതിനിധികളും, ക്ലബ്ബുകളും, വായനശാലകളും, സഹകരണ സ്ഥാപനങ്ങളും, രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളും, സാംസ്ക്കാരിക നായകരും സഹകരിക്കുന്നു.

ഈ സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അടങ്ങുന്ന 20 പേർ ഉൾപ്പെട്ട എക്സിക്യൂട്ടീവ് സമിതി രൂപീകരിച്ചു. സ്കൂളിന്റെ നിലവിലുള്ള അവസ്ഥ ആദ്യം തന്നെ വിലയിരുത്തി. അതിനുശേഷം വിദ്യാലത്തിൽ ഇനി വരേണ്ടതായ മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിച്ചു. മുൻഗണനാക്രമം നിശ്ചയിച്ച് വാർഷിക പദ്ധതികൾ തയ്യാറാക്കി അങ്ങനെ വളരെ വിശദമായ വിദ്യാലയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

## നിലവിലെ അവസ്ഥാ വിശകലനം

1964ൽ സ്ഥാപിതമായ ഈ വിദ്യാലയം ചുറ്റുപാടുമുളള വിദ്യാലയങ്ങളെ അപേക്ഷിച്ച് നല്ല സാഹചര്യത്തിൽ പ്രവർത്തിപ്പിക്കുന്നതിന് മാനേജ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ മാറി വരുന്ന സാഹചര്യത്തിൽ ആധുനീകരണം വലിയ സാമ്പത്തിക ബാധ്യത വരുത്തുന്ന പ്രക്രിയ ആയതിനാൽ മാനേജ്മെന്റുകൾക്ക് താങ്ങാൻ വയ്യാത്തതായി വന്നിട്ടുണ്ട്. എങ്കിലും പി.ടി.എയുടെയും ചുറ്റുപാടുളള നല്ല വ്യക്തികളുടെയും സഹകരണത്തോടെ കുറച്ചെങ്കിലും സൗകര്യങ്ങൾ ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. മുൻകാലത്തേയും നിലവിലേയും എം.എൽ.എ.കളുടെ ഫണ്ടിൽ നിന്നും വിഹിതം ഇക്കാര്യത്തിലേക്ക് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ശുചിത്വവും സൗകര്യവുമുളള അടുക്കള, വിദ്യാർത്ഥികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുളള വൃത്തിയുളള ടോയ്ലറ്റുകൾ, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂമുകൾ എന്നിവ സ്ക്കൂളുകളിൽ ഇപ്പോൾ ലഭ്യമാണ്.

നിർദ്ദിഷ്ട വിഷയങ്ങളിൽ പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും നാട്ടുകാർക്കും പ്രയോജനപ്പെടുത്തുന്ന രീതിയിൽ ചെയ്തു വരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകി മുൻനിരയിലേക്ക് കൊണ്ടു വരുന്ന കാര്യങ്ങൾ ചെയ്തു വരുന്നു. കൃഷിയെപ്പറ്റി മനസ്സിലാക്കുന്നതിനും അതിൽ താത്പര്യം ജനിപ്പിക്കുന്നതിനും വേണ്ടി സ്കൂൾ അങ്കണത്തിൽ ഒരു കൃഷിത്തോട്ടം നല്ലരീതിയിൽ ഉണ്ടാക്കിയിട്ടുണ്ട്. ഔഷധ സസ്യങ്ങളുടെ മേൻമ തിരിച്ചറിയുന്നതിന് ഔഷധിയുടെ സഹകരണത്തോടെ ഒരു ഔഷധത്തോട്ടം സ്കൂളിൽ നിർമ്മിച്ചിട്ടുണ്ട്. പ്രാധാന്യമുളള ദിനങ്ങളുടെ പ്രത്യേകതയും അവയുടെ ശരിയായ രീതിയിലുളള ആചരണവും സ്കൂളിൽ നടത്തി വരുന്നു. എസ്.എസ്.എ.യുടെ സഹകരണത്തോടെ സ്കൂളിൽ ഒരു റാംപ്, ഫാനുകൾ, അലമാര, ഇന്റർനെറ്റ് സൗകര്യം, കമ്പ്യൂട്ടർ മെയിന്റനൻസ് എന്നിവ ചെയ്യാൻ സാധിച്ചിട്ടുണ്ട്. കുട്ടികളുടെ യാത്രക്കായി മാനേജ്മെന്റ് ഏർപ്പെടുത്തിയ ബസ്സ് സൗകര്യങ്ങൾ അദ്ധ്യാപകരുടെ പിന്തുണയോടെ ഇന്ധനം ലഭ്യമാക്കി ഓടിച്ചു വരുന്നു. മാനേജ്മെന്റ് കുട്ടി

കൾക്ക് പഠനോപകരണങ്ങളും പഠനത്തിൽ മികവു പുലർത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും നൽകി വരുന്നുണ്ട്.

ആരോഗ്യകാര്യങ്ങളിൽ കുട്ടികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുന്നതിന് ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിലുള്ള ക്ലാസ്സുകളും ചികിത്സാ ക്യാമ്പുകളും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടത്താൻ കഴിയുന്നുണ്ട്. പ്രാദേശിക ആഘോഷങ്ങളിൽ രക്ഷിതാക്കളെകൂടി ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം – വിഷൻ 2026

അക്കാദമികവും ഭൗതികവും സാമൂഹികവുമായ നിരവധി വികസന രൂപരേഖകളാണ് വിഷൻ 2026ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. സ്മാർട്ട് ക്ലാസ്സ് റൂം
2. കമ്പ്യൂട്ടർ ലാബ്
3. സ്മാർട്ട് ലൈബ്രറി
4. ഡൈനിങ്ങ് ഹാൾ
5. ഗാർഡനിങ്ങ്
6. ഇൻഡോർ കോർട്ട്
7. പ്ലേ ഗ്രൗണ്ട്
8. സ്കൂൾ ഓഡിറ്റോറിയം
9. ജൈവ വൈവിധ്യ പാർക്ക്

# പദ്ധതി വിശദാംശങ്ങൾ

മേഖല : അക്കാദമികം

ഉപമേഖല : വെൽക്കം ടു ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടുതൽ പഠന സന്ദർഭങ്ങൾ സൃഷ്ടിക്കുക | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിച്ച് വാർത്താ അവതരണം, പ്രതിജ്ഞ, കുട്ടികളുടെ പരിപാടികൾ എന്നിവ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | 2025 ജൂൺ മുതൽ | ഇംഗ്ലീഷ് അദ്ധ്യാപിക നീതു ടീച്ചർ | |
| 2. | കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷിൽ ആശയവിനിമയം നടത്താനുള്ള ശേഷി ആർജ്ജിക്കുവാൻ സഹായിക്കുക | ഇംഗ്ലീഷിന് റീഡിങ്ങ് കോർണർ, ഇംഗ്ലീഷ് ബാലമാസികകളും ലഘു വായനാ സാമഗ്രികളും വായനക്കായി ഒരുക്കൽ | 2025 ജൂൺ മുതൽ | എസ്.ആർ.ജി | Rs.3000/- |
| 3. | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഇംഗ്ലീഷ് അധ്യാപികയ്ക്ക് ഒരു ലാപ്ടോപ്പ് പ്രദാനം ചെയ്യൽ | 2025 ജൂൺ മുതൽ | സർക്കാർ | Rs.35000/- |

മേഖല : അക്കാദമികം

ഉപമേഖല : സരൾഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടുതൽ പഠന സന്ദർഭങ്ങൾ സൃഷ്ടിക്കുക | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി സംഘടിപ്പിച്ച് വാർത്താ അവതരണം, പ്രതിജ്ഞ, കുട്ടികളുടെ പരിപാടികൾ എന്നിവ ഹിന്ദിയിൽ അവതരിപ്പിക്കൽ | 2025 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപിക നിത്യമോൾ ടീച്ചർ, എച്ച്.എം. ഷീന ടീച്ചർ | |
| 2. | കുട്ടികൾക്ക് ഹിന്ദി ഭാഷിൽ ആശയവിനിമയം നടത്താനുള്ള ശേഷി ആർജ്ജിക്കുവാൻ സഹായിക്കുക | ഹിന്ദിക്ക് റീഡിങ്ങ് കോർണർ, ഹിന്ദി ബാലമാസികകളും ലഘുവായനാ സാമഗ്രികളും വായനക്കായി ഒരുക്കൽ | 2025 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപിക നിത്യമോൾ ടീച്ചർ, എസ്.ആർ.ജി | Rs. 3000/- |
| 3. | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഹിന്ദി അധ്യാപികയ്ക്ക് ഒരു ലാപ്ടോപ്പ് പ്രദാനം ചെയ്യൽ | 2025 ജൂൺ മുതൽ | സർക്കാർ | Rs. 35000/- |

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സംസ്കൃത ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടുതൽ പഠന സന്ദർഭങ്ങൾ സൃഷ്ടിക്കുക | ആഴ്ചയിൽ ഒരു ദിവസം സംസ്കൃതം അസംബ്ലി സംഘടിപ്പിച്ച് വാർത്താ അവതരണം, പ്രതിജ്ഞ, കുട്ടികളുടെ പരിപാടികൾ എന്നിവ സംസ്കൃതത്തിൽ അവതരിപ്പിക്കൽ | 2025 ജൂൺ മുതൽ | സംസ്കൃത അദ്ധ്യാപകൻ | |
| 2. | കുട്ടികൾക്ക് സംസ്കൃതഭാഷിൽ ആശയവിനിമയം നടത്താനുള്ള ശേഷി ആർജ്ജിക്കുവാൻ സഹായിക്കുക | സംസ്കൃതത്തിന് റീഡിങ്ങ് കോർണർ, സംസ്കൃത ബാല മാസികകളും ലഘു വായനാ സാമഗ്രികളും വായനക്കായി ഒരുക്കൽ | 2025 ജൂൺ മുതൽ | സംസ്കൃത അദ്ധ്യാപകൻ എസ്.ആർ.ജി | **Rs. 3000/-** |
| 3. | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | സംസ്കൃത അധ്യാപകന് ഒരു ലാപ്ടോപ്പ് പ്രദാനം ചെയ്യൽ | 2025 ജൂൺ മുതൽ | സർക്കാർ | **Rs. 35000/-** |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം ലളിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | മുഴുവൻ വിദ്യാർത്ഥികളിലും സംഖ്യാബോധം, ചതുഷ്ക്രിയകൾ, ഗണിതശേഷി എന്നിവ ഉറപ്പാക്കൽ | ക്ലാസ്സ്തല ഗണിത ക്വിസ്സ് മത്സരങ്ങൾ, ഗണിത കേളികൾ, പസിലുകൾ അവതരിപ്പിക്കൽ | 2025 ജൂൺ മുതൽ | ഗീത ടീച്ചർ | |
| 2. | ഗണിതപഠനം ആകർഷകമാക്കൽ | ഗണിതാശയങ്ങൾ ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് അദ്ധ്യാപകർ, സഹപാഠികൾ, രക്ഷിതാക്കൾ എന്നിവർ വഴി കൂടുതൽ പഠനാനുഭവങ്ങൾ നൽകൽ | 2025 ജൂൺ മുതൽ | എസ്.ആർ. ജി., പി.ടി.എ. | Rs. 3000/- |
| 3. | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഗണിത അധ്യാപികക്ക് ഒരു ലാപ്ടോപ്പ് പ്രദാനം ചെയ്യൽ | 2025 ജൂൺ മുതൽ | സർക്കാർ | Rs. 35000/- |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ ശാസ്ത്ര പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | 2025 ഓഗസ്റ്റ് ആദ്യ വാരം മുതൽ | ദേവി ടീച്ചർ | |
| | | തയ്യാറാക്കിയ ലിസ്റ്റിന് ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ | 2025 ഓഗസ്റ്റ് 20ന് മുമ്പ് | എസ്.ആർ.ജി | Rs. 500/- |
| | | ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ്ചെയ്യൽ | | | |

| | | | | | |
|---|---|---|---|---|---|
| | | സാമഗ്രികൾ വാങ്ങൽ | 2025 ഓഗസ്റ്റ് 20ന് ശേഷം | ഷീന ടീച്ചർ/ എസ്.ആർ.ജി. കൺവീനർ | **Rs. 3000/-** |
| | | പി.ടി.എ. യോഗ ത്തിൽ ശാസ്ത്ര മൂല സംബന്ധിച്ച അവതരണം, സാമ ഗ്രികളുടെ ശേഖ രണം | 2025 ഓഗസ്റ്റ് 20ന് ശേഷം | എസ്.ആർ.ജി., പി.ടി.എ., ഷീന ടീച്ചർ | |
| | | ശാസ്ത്രമൂല ക്രമീക രിക്കാൻ ആവശ്യ മായ ക്രമീകരണം അലൂമിനിയം ഫേബ്രി ക്കേഷൻ ഉപയോ ഗിച്ച് അലമാര | 2025 ഒക്ടോ ബർ ആദ്യ വാരം | പി.ടി.എ., ഷീന ടീച്ചർ | മുനിസി പ്പാലിറ്റി **Rs. 8000/-** |
| | | പരീക്ഷണ ശിൽപ്പ ശാല, 5 മുതൽ 7 വരെ ക്ലാസ്സിലെ ചെറുതും വലുതു മായ പരീക്ഷണ ങ്ങൾ ചെയ്തു പരി ശീലിക്കൽ | 2025 ഒക്ടോ ബർ അവ സാന വാരം | ഷീന ടീച്ചർ എസ്.ആർ.ജി കൺവീനർ | മുനിസി പ്പാലിറ്റി **Rs. 7500/-** |
| | | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തി നുളളത് വാങ്ങൽ | 2025 നവംബ ർ മുതൽ 2025 ഫെബ്രു വരി | ഷീന ടീച്ചർ പി.ടി.എ. | സ്പോൺ സർഷിപ്പ് **Rs. 3000/-** |
| 3. | ICT സാധ്യതകൾ പ്രയോജനപ്പെടു ത്തുക | ശാസ്ത്ര അധ്യാപികക്ക് ഒരു ലാപ്ടോപ്പ് പ്രദാനം ചെയ്യൽ | 2025 ജൂൺ മുതൽ | സർക്കാർ | **Rs. 35000/-** |

മേഖല : അക്കാദമികം

ഉപമേഖല : വായനാവസന്തം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തൽ | സ്കൂൾ ലൈബ്രറി വിപുലീകരണം, പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ, ശേഖരിക്കൽ, വിതരണം കാര്യക്ഷമമാക്കൽ | 2025 മെയ് മുതൽ | പൂർവ്വ വിദ്യാർത്ഥി സംഘടന | Rs. 6000/- (സംഭാവന) |
| 2. | കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കൽ | സ്കൂൾ തലത്തിൽ വായിക്കാൻ താത്പ്പര്യമുളള മികച്ച വായനക്കാരുടെ വായനാക്കൂട്ടം രൂപീകരിക്കൽ, ഉച്ചഭക്ഷണത്തിനുശേഷം പത്രവായന നടത്തുന്നു. | 2025 ജൂൺ മുതൽ | എസ്.ആർ.ജി | |
| 3. | കൂടുതൽ അറിവു നേടാൻ അവസരം സൃഷ്ടിക്കൽ | ക്ലാസ്സ് ലൈബ്രറി സംവിധാനം 5 മുതൽ 7 വരെ ക്ലാസ്സുകളിൽ കാര്യക്ഷമമാക്കുക. വായനാമത്സരം | 2025 ജൂലായ് മുതൽ | ക്ലാസ്സ് അദ്ധ്യാപകർ | |
| | | പൂർണ്ണമായും വായിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കൽ | 2025 ജൂലായ് മുതൽ | ക്ലാസ്സ് അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | വായനാക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ തിങ്കളാഴ്ചയും | ക്ലാസ്സ് അദ്ധ്യാപകർ | |
| 4. | പുസ്തകം സംഭരിച്ചു വെക്കാനുള്ള സംവിധാനം ഒരുക്കൽ | അലമാര തയ്യാറാക്കൽ | 2025 ജൂൺ | സർക്കാർ | Rs. 50000/- |

മേഖല : അക്കാദമികം

ഉപമേഖല : പിന്നോക്കക്കാർക്കുള്ള അധിക പരിശീലനം – മധുരം മലയാളം അക്ഷരദീപം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അധിക പരിശീലനം നൽകൽ | അടിസ്ഥാന പരിശോധന. 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രീ ടെസ്റ്റ് | 2025 ജൂൺ 1 – 7 | എസ്.ആർ.ജി | 40 ചോദ്യ പേപ്പർ |
| 2. | അടിസ്ഥാന ശേഷികൾ നേടിയ ശേഷം പഠനപ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുക | പ്രത്യേക പരിശിലനം ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം, ഗൃഹസന്ദർശനം. 4 മണിക്കുശേഷം പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്സുകൾ | 2025 ജൂൺ 15 – 30 | എസ്.ആർ.ജി | |
| | | കുട്ടികളെ 3 തലങ്ങളിലായി തിരിച്ച് ഓരോ വിഭാഗത്തിനുമുള്ള പഠനസാമഗ്രികൾ, വർക്ക് ഷീറ്റുകൾ എന്നിവ ശേഖരിക്കലും തയ്യാറാക്കലും. | 2025 ജൂലായ് 8 –15 | എസ്.ആർ. ജി. | Rs. 1000/- സംഭാവന |

| | | | | | |
|---|---|---|---|---|---|
| | | *എല്ലാ ദിവസവും ടെസ്റ്റ് | | | |
| | | മാസാന്ത്യ ടെസ്റ്റുകൾ, രക്ഷിതാക്കളുടെ യോഗം | 2025 ആഗസ്റ്റ് മുതൽ | എസ്.ആർ. ജി. | |

മേഖല : അക്കാദമികം

ഉപമേഖല : എസ്.ആർ.ജി. ശാക്തീകരണം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ക്ലാസ്റൂം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉതകുന്നതരത്തിലുള്ള പിന്തുണ സംവിധാനം ഒരുക്കുക. ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് ആവശ്യമായ മെറ്റീരിയലുകൾ ലിസ്റ്റ് ചെയ്ത് അവയുടെ ലഭ്യത ഉറപ്പാക്കുക. എസ്.ആർ.ജി. മീറ്റിങ്ങുകൾ കാര്യക്ഷമമാക്കൽ | എസ്.ആർ.ജി. യോഗം എങ്ങനെ ശക്തിപെപടുത്താം എന്നതിനെക്കുറിച്ച് അവധിക്കാല എസ്.ആർ.ജി. പ്ലാനിംങ്ങ് | 2025 മെയ് | എസ്.ആർ.ജി. | |
| | | എസ്.ആർ.ജി. യോഗങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ വെളളിയാഴ്ചകളിലും 4 മണി മുതൽ 5 മണി വരെ യോഗ നടപടികൾ | 2025 ജൂൺ | എസ്.ആർ.ജി | |

| | | | | | |
|---|---|---|---|---|---|
| | | **മാർച്ച് അവസാന വാരത്തിൽ വർഷാന്ത്യ അവലോകനവും പ്രവർത്തനങ്ങൾ വിലയിരുത്തലും** | **2025 മാർച്ച് 24 – 31** | **എസ്.ആർ.ജി.** | |

മേഖല : അക്കാദമികം

ഉപമേഖല : പൊതുവിജ്ഞാനവേദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ക്ലാസ്റൂം കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ്രതേ്യക ശ്രദ്ധ നൽകുക. അത്തരം കുട്ടികളുടെ ആത്മ വിശ്വാസം വർദ്ധിപ്പിക്കുക. കുട്ടികളെ വിവിധ ക്വിസ്സ് മത്സരങ്ങൾക്കായി സജ്ജരാക്കുക. | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ബുധനാഴ്ചകളിലും 25 പൊതുവിജ്ഞാനശകലങ്ങൾ നൽകുക. പിറ്റേദിവസം പരീക്ഷ നടത്തി വിജയികൾക്ക് സമ്മാനം നൽകൽ | 2025 ജൂൺ | ഷീന ടീച്ചർ, ക്ലാസ്സ് അദ്ധ്യാപകർ | |
| | | പ്രതിമാസ പൊതുവിജ്ഞാനപരീക്ഷ നടത്തി സമ്മാനം നൽകുക | 2025 ജൂലായ് മുതൽ | ക്ലാസ്സ് അദ്ധ്യാപകർ | |
| | | മെഗാ ക്വിസ്സ് നടത്തൽ, സ്ക്കൂൾ വാർഷികദിനത്തിൽ സമ്മാനം നൽകൽ | 2025 ഫെബ്രുവരി ആദ്യവാരത്തിൽ | എസ്.ആർ.ജി. | Rs. 1000/- |

മേഖല : അക്കാദമികം

ഉപമേഖല : സ്കൂൾ മാസിക പ്രസിദ്ധീകരണം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ സർഗ്ഗാത്മക രചനാശേഷി പരിപോഷിപ്പിക്കുക. കുട്ടികളുടെ സർഗ്ഗാത്മക രചനകൾ രക്ഷിതാക്കൾക്കും നാട്ടുകാർക്കും മുന്നിൽ എത്തിക്കുക. കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക | ക്ലാസ്റൂം പ്രവർത്തനങ്ങൾക്കിടയിൽ രൂപപ്പെടുന്ന മികച്ച സർഗ്ഗാത്മക രചനകൾ ശേഖരിക്കുക. തരം തിരിക്കുക. മികച്ചവരെ തെരഞ്ഞെടുക്കുക | 2025 ആഗസ്റ്റ് – ഒക്ടോബർ | ക്ലാസ്സ് അദ്ധ്യാപകർ | |
| | | മാസികയിൽ പരസ്യം ഉൾപ്പെടുത്തി സാമ്പത്തിക സമാഹരണത്തിനായി സ്പോൺസർമാരെ കണ്ടെത്തൽ | 2025 ഒക്റ്റോബർ | പി.ടി.എ., എസ്.ആർ.ജി. | |
| | | മാസിക പ്രിന്റ് ചെയ്യലും വിതരണം ചെയ്യലും *കയ്യെഴുത്തു മാസിക | 2025 ഡിസംബർ | പി.ടി.എ., എസ്.ആർ.ജി. | **Rs. 10000/-** |

മേഖല : അക്കാദമികം

ഉപമേഖല : ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ക്ലബ്ബ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക വഴി മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ അനുഭവങ്ങൾക്ക് അവസരമൊരുക്കുന്ന പ്രവർത്തനങ്ങൾ നടത്തുക. | രൂപീകരിക്കേണ്ട ക്ലബ്ബുകൾ ഏതൊക്കെയെന്ന് തെരഞ്ഞെടുക്കുകയും വരുംവർഷത്തെ ഓരോ ക്ലബ്ബിന്റെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രസിദ്ധീകരിക്കുകയും ചെയ്യുക | 2025 മെയ് | പി.ടി.എ., എസ്.ആർ.ജി. | |
| | | ഓരോ ക്ലബ്ബിന്റെയും ചുമതലകൾ ഓരോ അദ്ധ്യാപകർ ഏറ്റെടുക്കുകയും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്യുക | 2025 മെയ് മുതൽ | എസ്.ആർ.ജി | |
| | | ക്ലബ്ബ് പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ അവലോകനം ചെയ്യലും കൃത്യമായ മോണിറ്ററിങ്ങും | 2025 ജൂൺ മുതൽ | ഷീന ടീച്ചർ, എസ്.ആർ.ജി. | |

| | | | | | |
|---|---|---|---|---|---|
| | | ക്ലബ്ബ് പ്രവർത്തന ങ്ങൾ പി.ടി.എ.യിൽ റിപ്പോർട്ടിങ്ങ് | 2025 ആഗസ്റ്റ് | ചുമതലയുള്ള അദ്ധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : ജൈവ വൈവിധ്യ പാർക്ക്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ക്യാമ്പസ് ഒരു പാഠപുസ്തകം ആക്കുക എന്ന ലക്ഷ്യം | ജൈവവേലി നിർമ്മിക്കൽ, ഔഷധത്തോട്ടം വികസിപ്പിക്കൽ | 2025 മെയ് | ഔഷധി കൃഷി വകുപ്പ് | Rs. 5000/- |

മേഖല : അക്കാദമികം

ഉപമേഖല : പച്ചക്കറിത്തോട്ടം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ക്യാമ്പസ് ഒരു പാഠപുസ്തകം ആക്കുക എന്ന ലക്ഷ്യം. ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ സ്വന്തം തോട്ടത്തിൽ നിന്നു തന്നെ ഉത്പാദിപ്പിക്കുക | പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | 2025 മെയ് | കൃഷി വകുപ്പ് പി.ടി.എ. | Rs. 5000/- |

മേഖല : അക്കാദമികം

ഉപമേഖല : പിന്നോക്കക്കാർക്കുള്ള അധിക പരിശീലനം – ലളിതം ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഗണിതപഠനത്തിൽ പിന്നോക്കം നിൽക്കുന്ന 5 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് അധിക പരിശീലനം നൽകൽ | അടിസ്ഥാന പരിശോധന – 5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പ്രീ ടെസ്റ്റ് | 2025 ജൂൺ 1 – 7 | എസ്.ആർ.ജി | 40 ചോദ്യങ്ങൾ |
| 2. | അടിസ്ഥാനശേഷികൾ നേടിയ ശേഷം പഠനപ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുക | പ്രത്യേക പരിശീലനം ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം, ഗൃഹസന്ദർശനം, 4 മണിക്ക് ശേഷം പിന്നോക്കക്കാർക്കുള്ള ക്ലാസുകൾ | 2025 ജൂൺ 15 – 30 | എസ്.ആർ.ജി. | |
| 3. | | കുട്ടികളെ 3 തലങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിനുമുള്ള പഠനസാമഗ്രികൾ, വർക്ക് ഷീറ്റുകൾ എന്നിവ ശേഖരിക്കലും തയ്യാറാക്കലും | 2025 ജൂലായ് 8 – 15 | എസ്.ആർ.ജി. | Rs. 1000/- സംഭാവന |

| | | | | | |
|---|---|---|---|---|---|
| | | എല്ലാ ദിവസവും ടെസ്റ്റ് | | | |
| | | മാസാന്ത്യ ടെസ്റ്റുകൾ, രക്ഷിതാക്കളുടെ യോഗം | 2025 ആഗസ്റ്റ് | എസ്.ആർ.ജി | |

മേഖല : ഭൗതികം

ഉപമേഖല : ലൈബ്രറി, വായനാമുറി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളിലെ വായനാശീലം വളർത്തുക. ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുക. വായനാമുറിയിൽ മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം ഒരുക്കുക | വായനാമുറി ഒരുക്കുക | 2025 | സർക്കാർ | Rs.20000/- |
| | | 2 ബുക്ക് ഷെൽഫുകളും പെയിന്റ് ചെയ്ത് വായനാമുറിയിൽ സ്ഥാപിക്കുക | 2025 | എസ്.എസ്.എ | Rs. 3000/- |
| | | വായനാമുറിയിൽ ഇരിപ്പിടങ്ങളും മേശകളും നിർമ്മിക്കുക | 2025 | സർക്കാർ | Rs. 25000/- |
| | | പത്രങ്ങൾ, മാസികകൾ എന്നിവ സൂക്ഷിക്കാനുള്ള റാക്കുകൾ സ്ഥാപിക്കുക | 2025 | എസ്.എസ്.എ | Rs. 4000/- |

മേഖല : ഭൗതികം

ഉപമേഖല : ഓഫീസ് റൂം നവീകരണം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഓഫീസ് റൂം ആകർഷകമാക്കുക. ഓഫീസ് രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുക. സ്കൂൾ പ്രവർത്തനങ്ങളുടെ നിരീക്ഷണം | ഫാബ്രിക്കേഷൻ നടത്തുക. ഹെഡ്മിസ്ട്രസ്സിന് പ്രത്യേക ചേമ്പർ ഉണ്ടാക്കുക | 2025 | സർക്കാർ | Rs.15000/- |
| | | വാതിലുകളും ജനലുകളും റിപ്പയർ നടത്തുക | 2025 | മാനേജ്മെന്റ് | Rs. 10000/- |
| | | ഫ്ളോർ ടൈൽസ് പതിക്കുകയും ചുമർ പെയിന്റ് ചെയ്യുകയും ചെയ്യുക | 2025 | മാനേജ്മെന്റ് | Rs. 15000/- |
| | | 2 വെബ് ക്യാമറ സ്ഥാപിക്കുക | 2025 | സർക്കാർ | Rs. 20000/- |

മേഖല : ഭൗതികം

ഉപമേഖല : ടോയ്‌ലറ്റ് നിർമ്മാണം (ആൺകുട്ടികൾക്ക്)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സ്കൂളിൽ ആൺകുട്ടികൾക്ക് വേണ്ടി ഒരു ടോയ്‌ലറ്റ് നിർമ്മിക്കുക | ടോയ്‌ലറ്റ് നിർമ്മാണം | 2025 മെയ് | സർക്കാർ | Rs.100000/- |

മേഖല : ഭൗതികം

ഉപമേഖല : ശുചിത്വം സുന്ദരം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പതിവായി, കൃത്യമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക. സ്കൂളും പരിസരവും എപ്പോഴും ശുചിത്വമാർന്ന നിലയിൽ സംരക്ഷിക്കുക. കുട്ടികളിൽ ശുചിത്വ ബോധം വളർത്തുക | അദ്ധ്യയനവർഷം തുടങ്ങും മുമ്പ് എസ്.ആർ.ജി. യോഗം ചേർന്ന് ശുചീകരണവുമായി ബന്ധപ്പെട്ട ചുമതലകൾ വിഭജിച്ച് നൽകുക. | 2025 മെയ് | എസ്.ആർ.ജി. | |
| | | ഓരോ ക്ലാസ്സിലേക്കും സ്കൂളിന് പൊതുവായും ആവശ്യമുള്ള ശുചീകരണ ഉപകരണങ്ങൾ വാങ്ങുക | 2025 മെയ് | പി.ടി.എ. | Rs. 2000/- |
| | | ഓരോ ദിവസവും ചുമതലയുള്ള അദ്ധ്യാപകർ മോണിറ്ററിങ്ങ് നടത്തുകയും വീഴ്ചകൾക്ക് പരിഹാരം കാണുകയും ചെയ്യുക | 2025 ജൂൺ | എസ്.ആർ.ജി. | |
| | | കൃത്യമായ ഇടവേകളിൽ അവലോകന യോഗങ്ങൾ നടത്തുക | 2025 ജൂൺ | ഷീന ടീച്ചർ | |

മേഖല : ഭൗതികം

ഉപമേഖല : ഭക്ഷണ സമൃദ്ധി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികൾക്ക് പോഷക സമൃദ്ധവും രുചികരവുമായ ഉച്ചഭക്ഷണവും മുട്ടയും പാലും നൽകുക. | എല്ലാ മാസവും ഉച്ചഭക്ഷണക്കമ്മിറ്റി ചേരുകയും ഉച്ചഭക്ഷണ വിതരണം വിലയിരുത്തുകയും കണക്കുകൾ പരിശോധിക്കുകയും ചെയ്യുക | 2025 മെയ് | ഉച്ചഭക്ഷണ കമ്മിറ്റി | |
| | | ഉച്ചഭക്ഷണം തയ്യാറാക്കുന്നതിലും വിതരണത്തിലും രക്ഷിതാ്ളുടെ സഹായവും മോണിറ്ററിങ്ങും ഉണ്ടാക്കുക | 2025 ജൂൺ | പി.ടി.എ. | |

മേഖല : ഭൗതികം

ഉപമേഖല : കുടിവെള്ളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ശുദ്ധമായ കുടി വെള്ളം സ്കൂളിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക | ഒരു ആർ ഓ ഫിൽട്ടർ ഘടിപ്പിച്ച പ്യൂരിഫയർ സ്കൂളിൽ സ്ഥാപിക്കുക | 2025 മെയ് | സർക്കാർ | Rs.25000/- |

മേഖല : ഭൗതികം

ഉപമേഖല : സ്കൂൾ സ്റ്റോർ റൂം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സ്കൂളിലെ സ്പോർട്സ് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനായി പ്രത്യേക സ്ഥലം ഒരുക്കുക. സ്കൂളിന്റെ ദീർഘകാലത്തേക്ക് സൂക്ഷിക്കേണ്ട സാധനങ്ങൾ വൃത്തിയായ സൂക്ഷിക്കാൻ സൗകര്യം ഉണ്ടാക്കുക. അടുക്കും ചിട്ടയോടും കൂടെ സാധനങ്ങൾ സൂക്ഷിക്കുക. | ആവശ്യമായ തട്ടുകളും അലമാരകളും നിർമ്മിക്കുക | 2025 | മാനേജ്മെന്റ് | Rs.20000/- |

മേഖല : ഭൗതികം

ഉപമേഖല : ഡൈനിംഗ് ഹാൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സ്കൂളിൽ ഒരു ഡൈനിംഗ് ഹാൾ നിർമ്മിക്കുക | സ്കൂളിലെ കിച്ചനോട് ചേർന്ന് ഡൈനിംഗ് ഹാളിനുവേണ്ടി ഒരു ഷെഡ് നിർമ്മിക്കുക | 2025 | സർക്കാർ | Rs.180000/- |

**മേഖല : സാമൂഹികം**

**ഉപമേഖല : ബോധവൽക്കരണ ക്ലാസ്സുകൾ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | രക്ഷിതാക്കൾക്ക് പലവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിലൂടെ സമൂഹത്തിനും അതിലുപരി വിദ്യാർത്ഥികളിലും നല്ല മനോഭാവം വളർത്തിയെടുക്കുന്നു | ഒരു അദ്ധ്യയന വർഷം നടത്തേണ്ട ബോധവൽക്കരണ ക്ലാസ്സുകളെക്കുറിച്ച് പി.ടി.എ. യോഗത്തിൽ ചർച്ച ചെയ്യുന്നു | 2025 ജൂൺ | പി.ടി.എ. | |
| | | തീരുമാനിച്ച പ്രകാരമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നിശ്ചിത സമയത്ത് സംഘടിപ്പിക്കുക | 2025–2026 | പി.ടി.എ., എസ്.ആർ.ജി. | Rs. 2000/- (സംഭാവന |

മേഖല : സാമൂഹികം

ഉപമേഖല : ബോധവൽക്കരണ ക്ലാസ്സുകൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | രക്ഷിതാക്കൾക്ക് പലവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിലൂടെ സമൂഹത്തിനും അതിലുപരി വിദ്യാർത്ഥികളിലും നല്ല മനോഭാവം വളർത്തിയെടുക്കുന്നു | ഒരു അദ്ധ്യയന വർഷം നടത്തേണ്ട ബോധവൽക്കരണ ക്ലാസ്സുകളെക്കുറിച്ച് പി.ടി.എ. യോഗത്തിൽ ചർച്ച ചെയ്യുന്നു | 2025 ജൂൺ | പി.ടി.എ. | |
| | | തീരുമാനിച്ച പ്രകാരമുളള ബോധവൽക്കരണ ക്ലാസ്സുകൾ നിശ്ചിത സമയത്ത് സംഘടിപ്പിക്കുന്നു. | 2025 – 2026 | പി.ടി.എ., എസ്.ആർ.ജി. | Rs. 2000/- (സംഭാവന |

മേഖല : സാമൂഹികം

ഉപമേഖല : അമ്മ വായന

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സ്കൂൾ ലൈബ്രറി അമ്മമാർക്ക് തുറന്നു കൊടുത്ത് അമ്മയുടെയും കുട്ടിയുടെയും സംയുക്ത വായ നക്ക് അവസരമൊ രുക്കുന്നു | എം.പി.ടി.എ. യോഗം ചേർന്ന് വിശദാംശങ്ങൾ ചർച്ച ചെയ്യുന്നു. കമ്മിറ്റിക്ക് രൂപം നൽകുന്നു. | 2025 ജൂൺ 2–ാം വാരം | എം.പി.ടി.എ., എസ്.ആർ.ജി | |
| | | പുസ്തക വിത രണം – പ്രത്യേക രജിസ്റ്റർ സൂക്ഷി ക്കുന്നു. മാസ ത്തിൽ ഒരു ദിവസം 2 –3 പുസ്തകങ്ങൾ വീതം വിതരണം ചെയ്യുന്നു. | 2025 – 2026 | എസ്.ആർ.ജി. | |

മേഖല : സാമൂഹികം

ഉപമേഖല : ഗൃഹസന്ദർശനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അദ്ധ്യാപകർക്ക് പൊതുസമൂഹവുമായി നല്ല ബന്ധം സ്ഥാപിക്കുകയും കുട്ടികളുടെ എണ്ണം അക്കാദമിക ഭൗതികനില എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുക | ഓരോ ടേം പരീക്ഷക്ക് ശേഷവും ഓരോ കുട്ടിയുടെയും വീടുകളിൽ സന്ദർശനം നടത്തുകയും കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ ബോദ്ധ്യപ്പെടുത്തി കൊടുക്കുകയും ഉയർച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു | 2025 – 2026 | എസ്.ആർ.ജി | |

മേഖല : സാമൂഹികം

ഉപമേഖല : മെസ്സേജ് സംവിധാനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | രക്ഷിതാക്കളെ അറിയിക്കുവാനുള്ള വിഷയങ്ങൾ യഥാസമയം അറിയിക്കുക | മുഴുവൻ രക്ഷിതാക്കളുടെയും മെസ്സേജ് അയക്കേണ്ട നമ്പർ ശേഖരിക്കുക | 2025 ജൂൺ | ക്ലാസ്സ് അദ്ധ്യാപകർ | |
| | | ഓരോ ക്ലാസ്സിലെയും രക്ഷിതാക്കളുടെ ഗ്രൂപ്പ് നിർമ്മിക്കുക | 2025 ജൂൺ | ഷീന ടീച്ചർ | |
| | | അറിയിക്കാനുള്ള വിവരങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ മെസ്സേജ് ചെയ്യുക | 2025 ജൂൺ | ഷീന ടീച്ചർ | |

മേഖല : സാമൂഹികം

ഉപമേഖല : ജൂനിയർ റെഡ്ക്രോസ് പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ സാമൂഹികാവബോധം സൃഷ്ടിക്കുക വഴി സമൂഹനന്മക്കുതകുന്നവിധം ആതുരമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കൽ, നടപ്പാക്കൽ | സമീപപ്രദേശത്തെ ആശുപത്രികളിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് ജെ.ആർ.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ പൊതിച്ചോറ് വിതരണം | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | പി.ടി.എ. ജെ.ആർ. സി. കോ-ഓർഡിനേറ്റർ നീതു ടീച്ചർ | Rs. 2000 |
| 2. | | ജെ.ആർ.സി. യൂണിറ്റിലെ സാന്ത്വനം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ നിന്ന് സമാഹരിച്ച തുക ഉപയോഗിച്ച് വിദ്യാലയത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രണ്ട് കുട്ടികളെ കണ്ടെത്തി പഠനോപകരണ വിതരണം സംഘടിപ്പിച്ചു | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | പി.ടി.എ. | Rs. 2000 |

## പ്രതീക്ഷിത നേട്ടങ്ങൾ

മുഴുവൻ വിദ്യാർത്ഥികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേയ്ക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും. അവസര തുല്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിക്കും. ക്ലാസ്സ് മുറികൾ സ്മാർട്ട് ആകുന്നതോടെ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനം സാധ്യമാകും. പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും. ആധുനിക സൗകര്യങ്ങളുള്ള വായനശാല, ലബോറട്ടറി എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാകും. കാർഷിക സംസ്ക്കാരമുള്ള പുതുതലമുറ വളരും. ശുചിത്യമുള്ള വിദ്യാലയം സൃഷ്ടിക്കുക വഴി ശുചിത്വബോധമുള്ള പുതുതലമുറയെ സൃഷ്ടിക്കാം. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വളർത്താൻ സാധിക്കും. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കും. മലയാളഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം ഭാഷകളും തടസ്സം കൂടാതെ കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

## മോണിറ്ററിംഗ് രീതി

കേരളത്തിൽ പ്രവർത്തിച്ചു വരുന്ന സംവിധാനമാണ് അദ്ധ്യാപക രക്ഷാ കർത്തൃ സമിതി. വിദ്യാഭ്യാസ അവകാശനിയമം വരുന്നതിനു മുമ്പ് ഒട്ടുമിക്ക പ്രവർത്തനങ്ങളും നടത്തിയിരുന്നത് ഈ സമിതിയായിരുന്നു. വിദ്യാലയ വികസന സമിതികൾ വരുന്നതോടെ വിദ്യാലയ വികസനത്തിന് കൂടുതൽ വിഭവ, വൈദഗ്ദ്യ ലഭ്യതക്കുളള സാഹചര്യം ഒരുങ്ങുകയാണ്. വിദ്യാലയത്തിന്റെ അച്ചടക്കം, ഉച്ചഭക്ഷണ വിതരണം, ലഹരി വിമുക്തവും പരിസ്ഥിതി സൗഹൃദ വുമായ അന്തരീക്ഷമൊരുക്കൽ, വാർഷികങ്ങൾ, വിദ്യാർത്ഥി ക്ഷേമപ്രവർത്തന ങ്ങൾ തുടങ്ങിയവയെല്ലാം പി.ടി.എ. കമ്മിറ്റികൾ ഏറ്റെടുത്ത് നടത്തുന്നു. എയ്ഡഡ് സ്കൂൾ ആയതിനാൽ വികസന പദ്ധതി രൂപീകരണം, അതിന്റെ മോണിറ്ററിംഗ് എന്നിവ കൂടി പി.ടി.എ. കമ്മിറ്റി വഹിക്കുന്നതാണ്.

## ഉപസംഹാരം

നമ്മളുടെ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾ ഭാവിയിൽ ഉന്നതനിലയിൽ എത്തുന്നവരും രാഷ്ട്രം വിഭാവനം ചെയ്യുന്ന പൗരന്റെ കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നവരും ആക്കി പാകപ്പെടുത്തുന്ന തരത്തിൽ കേരള വിദ്യാഭ്യാസ വകുപ്പ് പഠനരീതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തികൊണ്ടിരിക്കുകയാണ്. അതിന് അനുരൂപമായ വിധത്തിൽ ഓരോ വിദ്യാലയവും സ്വയം സജ്ജമാകേണ്ടതുണ്ട്. ആധുനീകരണം കൂടാതെ മറ്റു സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളോട് കിടപിടിക്കുന്ന രീതിയിൽ വിദ്യാർത്ഥികളെ സൃഷ്ടിക്കുക സാദ്ധ്യമല്ല തന്നെ. വിദ്യാലയത്തിന്റെ ആധുനീകരണം ലക്ഷ്യമിടുമ്പോൾ എയ്ഡഡ് സ്കൂളുകളുടെ സാമ്പത്തിക പ്രതിസന്ധി സർക്കാർ ഗൗനിക്കാതിരിന്നു കൂടാ.

വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങളെ പിൻതുടർന്ന് വിദ്യാലയത്തിന്റെ പരിമിതികളും സാധ്യതകളും കണ്ടറിഞ്ഞ് വി.ഡി.യു.പി. സ്കൂൾ തയ്യാറാക്കിയ ഈ പ്രൊജക്ട് റിപ്പോർട്ട് അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും എല്ലാവശത്തെയും സ്പർശിച്ചുകൊണ്ട് തയ്യാറാക്കിയതാണെന്ന കാര്യത്തിൽ സംശയമില്ല തന്നെ. ഈ റിപ്പോർട്ടിന്റെ എത്രയും വേഗത്തിലുള്ള അംഗീകാരം സ്കൂളിന്റെ വികസന സ്വപ്നങ്ങളെ സാക്ഷാത്കരിക്കുവാൻ അത്രയും വേഗത്തിൽ സഹായിക്കും.

അനുബന്ധം (i)

## കുട്ടികളുടെ എണ്ണം - മുൻവർഷങ്ങളിൽ

| ക്രമ നമ്പർ | അക്കാദമിക വർഷം | സ്റ്റാൻഡേർഡ് | | സ്റ്റാൻഡേർഡ് | | സ്റ്റാൻഡേർഡ് | | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | | |
| 1 | 2002 – 2004 | 14 | 8 | 22 | 16 | 21 | 10 | 91 | |
| 2 | 2004 – 2005 | 10 | 10 | 14 | 8 | 22 | 17 | 81 | |
| 3 | 2005 – 2006 | 18 | 05 | 29 | 13 | 19 | 21 | 105 | |
| 4 | 2006 – 2007 | 22 | `4 | 08 | 11 | 13 | 08 | 76 | |
| 5 | 2007 – 2008 | 19 | 15 | 19 | 12 | 17 | 15 | 97 | |
| 6 | 2008 – 2009 | 20 | 12 | 20 | 15 | 19 | 12 | 98 | |
| 7 | 2009 – 2010 | 18 | 21 | 22 | 12 | 20 | 15 | 108 | |
| 8 | 2010 – 2011 | 31 | 13 | 17 | 21 | 20 | 13 | 115 | |
| 9 | 2011 – 2012 | 18 | 05 | 29 | 13 | 19 | 21 | 105 | |
| 10 | 2012 – 2013 | 14 | 10 | 18 | 06 | 29 | 13 | 90 | |
| 11 | 2013 – 2014 | 12 | 10 | 13 | 09 | 17 | 06 | 67 | |
| 12 | 2014 – 2015 | 13 | 08 | 12 | 10 | 13 | 08 | 64 | |
| 13 | 2015 – 2016 | 12 | 03 | 13 | 08 | 12 | 10 | 58 | |
| 14 | 2016 – 2017 | 05 | 06 | 12 | 03 | 12 | 08 | 46 | |
| 15 | 2017 – 2018 | 06 | 05 | 05 | 06 | 12 | 04 | 38 | |
| 16 | 2018 – 2019 | 26 | 6 | 6 | 5 | 5 | 6 | 54 | |
| 17 | 2019 – 2020 | 19 | 16 | 30 | 10 | 6 | 5 | 86 | |
| 18 | 2020 – 2021 | 28 | 19 | 21 | 18 | 29 | 10 | 125 | |
| 19 | 2021 – 2022 | 19 | 30 | 28 | 19 | 21 | 18 | 135 | |
| 20 | 2022 – 2023 | 29 | 29 | 19 | 30 | 26 | 18 | 151 | |
| 21 | 2023 – 2024 | 21 | 28 | 29 | 27 | 19 | 30 | 154 | |
| 22 | 2024 – 2025 | 37 | 34 | 20 | 27 | 25 | 27 | 170 | |
| 23 | 2025 – 2026 | 23 | 31 | 37 | 34 | 21 | 27 | 173 | |

# <u>നിലവിലുള്ള കമ്മിറ്റികൾ</u>

<u>വിദ്യാലയ വികസന സമിതി *അംഗങ്ങളുടെ പേരുവിവരം*</u>

| | | |
|---|---|---|
| മുഖ്യരക്ഷാധികാരി | : | ശ്രീ. വി.ആർ. സുനിൽകുമാർ (എം.എൽ.എ.) |
| രക്ഷാധികാരികൾ | : | ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് |
| | : | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് |
| | : | ശ്രീമതി ഗീത ടീച്ചർ (നഗരസഭാ ചെയർ പേഴ്സൺ) |
| | : | ജില്ലാ പഞ്ചായത്ത് മെമ്പർ |
| | : | ശ്രീ. സി.എസ്. വിപിനചന്ദ്രൻ (സ്കൂൾ മാനേജർ) |
| ചെയർമാൻ | : | അഡ്വ: വി.എസ്. ദിനൽ (മുനിസിപ്പൽ വാർഡ് കൗൺസിലർ) |
| വൈസ് ചെയർമാൻമാർ | : | |
| പി.ടി.എ. പ്രസിഡണ്ട് | : | ശ്രീ. ബാബു പി.എസ്. |
| എം.പി.ടി.എ. പ്രസിഡണ്ട് | : | ശ്രീമതി സൗമ്യ സെന്തിൽ |
| പൂർവ്വ വിദ്യാർത്ഥി ചെയർമാൻ | : | ശ്രീ. ജോസ് കുരിശിങ്കൽ |
| കൺവീനർ | : | ശ്രീമതി ഒ.എസ്. ഷീന, ഹെഡ്മിസ്ട്രസ്സ് |
| അംഗങ്ങൾ | : | ശ്രീമതി ഗീതാ വർഗ്ഗീസ് പി.,യു.പി.എസ്.എ. |
| | : | ശ്രീമതി ഷീജ എം.ഡി, യു.പി.എസ്.എ. |
| | : | ശ്രീമതി നീതു, യു.പി.എസ്.എ. |
| | : | ശ്രീമതി ചിത്തിര, യു.പി.എസ്.എ. |
| | : | ശ്രീമതി നിത്യമോൾ, ഹിന്ദി അദ്ധ്യാപിക |
| | : | ശ്രീമതി ദേവി, യു.പി.എസ്.എ. |
| | : | ശ്രീ. ലക്ഷ്മീ നാരായണൻ സി.ഒ. (സംസ്കൃതം അദ്ധ്യാപകൻ) |
| | | ഹരിത ഒ.എസ്., യു.പി.എസ്.എ |
| സ്കൂൾ ലീഡർ | : | അമൽകൃഷ്ണ പി.എസ്. |
| രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ | : | ശ്രീ. യു.കെ. ദിനേശൻ |

| | | |
|---|---|---|
| | : | ശ്രീ. വി.എസ്. ബാലചന്ദ്രൻ |
| | : | ശ്രീ. സിജിത്ത് കെ.എസ്. |
| | : | ശ്രീ. ജോഷി സി.ആർ. |
| | : | ശ്രീമതി റസോജ ഹരിദാസ് |
| | : | ശ്രീ. രാജീവൻ വി.എസ്. |
| ക്ലബ്ബ് പ്രതിനിധികൾ | : | ശ്രീ. സുമേഷ് |
| | : | ശ്രീ. ജിഷ്ണുരാജ് |
| ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രതിനിധികൾ | : | മനോജ് കുറ്റിപ്പറമ്പിൽ |
| | : | വേണു കുറ്റിപ്പറമ്പിൽ |
| | : | രഘു കടവിൽപറമ്പിൽ |
| ഇതരസംഘടനാപ്രതിനിധികൾ | : | ശ്രീ. കെ.ആർ. മനോജ്കുമാർ |
| | : | സബീഷ് |
| | : | പി.കെ. സജീവൻ |
| | : | സജി പ്ലാക്കപ്പറമ്പിൽ |
| | : | വി.എസ്. കൃഷ്ണൻ |
| | : | ഒ.എസ്. ജോഷി |
| | : | ഒ.എൻ.ചന്ദ്രബോസ് |
| | : | വി.സി. അജയകുമാർ |
| | : | ബേബി ഉണ്ണികൃഷ്ണൻ |
| എസ്.എസ്.ജി. പ്രതിനിധികൾ | : | എൻ.എ. ഹരി |
| | : | സി.വി. ഹരി |
| | : | യുനൈബാ മനാഫ് |
| വ്യക്തി | : | ശ്രീ. വി.എൻ. അപ്പുക്കുട്ടൻ |
| പൂർവ്വ വിദ്യാർത്ഥികൾ | : | ശ്രീ. വിഷ്ണു |
| | : | ശ്രീ. മിഥുൻ കുമാർ |
| | : | ശ്രീ. അഖിൽ രാജ് |
| | : | ശ്രീ. സുരേഷ് പി.എ. |
| | : | ശ്രീ. കെ.ഡി. വിക്രമാദിത്യൻ |

| | | |
|---|---|---|
| കുടുംബശ്രീ അംഗങ്ങൾ | : | ശ്രീമതി റോസിലി |
| | : | ശ്രീമതി ശാലിനി ഷിബു |
| | : | ശ്രീമതി തുളസി ബിജു |
| | : | ശ്രീമതി അജിത |

## പി.ടി.എ. കമ്മറ്റി

| | | |
|---|---|---|
| പി.ടി.എ. പ്രസിഡണ്ട് | : | ശ്രീ. ബാബു പി.എസ്. |
| പി.ടി.എ. വൈ.പ്രസിഡണ്ട് | : | ശ്രീ വിപിൻ സി.വി. |
| എം.പി.ടി.എ. പ്രസിഡണ്ട് | : | ശ്രീമതി സൗമ്യ സെന്തിൽ |
| എം.പി.ടി.എ. വൈ. പ്രസിഡണ്ട് | : | ശ്രീമതി സിനി എൻ.പി. |
| അംഗങ്ങൾ | : | ജിഷ പ്രജീഷ് |
| | : | ഷാഹിനത്ത് ടിഎ. |
| | : | ഹഫ്സത്ത് ഒ.എസ്. |
| | : | സൌമ്യ വി.എക്സ്. |
| | : | രാജേശ്വരി |
| | : | റെനീഷ് ഇ.എസ്. |
| | : | സുമി സരീഷ് |
| | : | ജയകൃഷണൻ പി.എ. |
| | : | ബിജോയ് കെ.ബി |
| | : | ദിവ്യ തോമസ് |
| | : | വിജി സി.വി |
| | : | ആതിര അശോകൻ |
| | : | സുവിൻ പി.വി. |
| | : | സനൂജ ഇ.എസ്. |
| | : | രേഷ്മ |
| | : | അവീൻ അരവിന്ദ് സി.എ. |
| | : | ഷിബിത സി.എസ്. |
| | : | റിതു ശംഭു |
| | : | സരിക പി.എം. |
| | : | ബിബിൻ യൂജിൻ |
| | : | സുജിത എം.എസ്. |

**Rs. 750/-**